**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (എ) | സഹകരണ മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം ( CIMA):**<br><br>സഹകരണ മേഖലയുടെ നവീകരണത്തിനും പുരോഗതി ഉറപ്പാക്കുന്നതിനും സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിനും സഹകരണ സംഘങ്ങളുടെ പരിശോധനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി സഹകരണ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ള പുതിയൊരു സമഗ്ര ഓൺലൈൻ പരിശോധന സംവിധാനമാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA) Version 1.0.<br><br>275 ഇൻസ്പെക്ടർമാർ മാത്രമുള്ള ഇന്നത്തെ സാഹചര്യത്തിൽ, വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽവൽക്കരണം അനിവാര്യമാണ്. അതിനായി രൂപപ്പെടുത്തിയെടുത്ത ഈ പദ്ധതി കേരളത്തിലെ സഹകരണ സംഘങ്ങളിലെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ്. തത്സമയ ഡാറ്റാ വിശകലനം, ജിയോ- മാപ്പിംഗ്, ജിയോ-ഫെൻസിംഗ് ഉപയോഗിച്ച് ഇൻസ്പെക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കൽ, 100% ഡിജിറ്റൽ രേഖകൾ, വകുപ്പും സഹകരണ സംഘങ്ങളും തമ്മിൽ തടസ്സമില്ലാത്ത ആശയവിനിമയം എന്നിവ CIMA ഉറപ്പാക്കുന്നു. സുതാര്യതയും കൃത്യതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് സഹകരണ മേഖലയുടെ ഭരണനിർവഹണം ശക്തിപ്പെടുത്താനും ഈ ഡിജിറ്റൽ സംരംഭം സഹായിക്കുന്നു. CIMA ഓൺലൈൻ ഇൻസ്പെക്ഷൻ സിസ്റ്റത്തിൽ മൂന്ന് പ്രധാന ഘടകങ്ങൾ |

ഉൾപ്പെടുന്നു: 1) CIMA മൊബൈൽ ആപ്ലിക്കേഷൻ, 2) CIMA വെബ് ആപ്ലിക്കേഷൻ, 3) CIMA Connect മൊബൈൽ ആപ്ലിക്കേഷൻ എന്നിവയാണവ. സഹകരണ സംഘം രജിസ്ട്രാറുടെ 7/25 നമ്പർ സർക്കുലർ പ്രകാരം 1/3/2025 മുതൽ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയും ആകസ്മിക പരിശോധന CIMA - ആപ്ലിക്കേഷൻ വഴിയാണ് നടന്നുവരുന്നത്.

**2. സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം.**

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടി വെബ് ആപ്ലിക്കേഷൻ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**3. സൊസൈറ്റി ബൈലോ രജിസ്ട്രേഷൻ ആന്റ് അമെന്റ്മെന്റ് സിസ്റ്റം.**

സഹകരണ സംഘങ്ങളുടെ ബൈലാ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി തുടങ്ങിയവ കൂടുതൽ സുഗമവും സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ളതാണ് വെബ് ICDMS. നിലവിൽ സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷനും ബൈലോ ഭേദഗതിയും നടപ്പിലാക്കുന്നത് ICDMS സോഫ്റ്റ്‌വെയർ വഴിയാണ്.

ഈ സംവിധാനത്തിന് കൂടുതൽ സമഗ്രത നൽകുന്നതിനായി സബ്-റൂൾ (Sub Rule) അംഗീകാരംകൂടി ഉൾപ്പെടുത്തികൊണ്ട് സംഘം ബൈലോ രജിസ്ട്രേഷൻ, ഭേദഗതി പ്രക്രിയകൾ എന്നിവ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്താൻ സഹായിക്കുന്ന വിധത്തിൽ കൂടുതൽ ഉപയോക്തൃ സൗഹൃദമായി വെബ് ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നവീകരണങ്ങളുടെ പ്രധാന ലക്ഷ്യം സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതാണ്.

**4. സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി**

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ

സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം **410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ്** സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തു വരുന്നത്. ഇതു കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും, ഇതിന്റെ ഭാഗമായി കൃഷി ചെയ്തു വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും, ഓപ്പൺ മാർക്കറ്റ് വഴിയും, കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു. ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതു വരെ 14 ജില്ലകളിലുമായി 361.27 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് പലവക സംഘങ്ങൾ വഴിയും കൃഷി നടത്തി വരുന്നു. ഒപ്പം 2023, അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാനും, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുവാനും ഈ പദ്ധതി മൂലം സാധിക്കുകയുണ്ടായി.

## 5. PAPCOS

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക. കൂടാതെ സ്വന്തം ബ്രാന്റിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട്

ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള **പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ്& മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS)** നിലവിൽ വന്നിട്ടുണ്ട്.

## 6. KAPCOS

പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘം രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിയ്ക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടി സംഘത്തിന്റെ പ്രധാന ഉദ്ദേശം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കർഷകരിൽ നിന്നും അരി സംഭരിച്ചു സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബ്രാൻഡഡ് അരിയായി വിപണിയിൽ വിൽക്കുന്നതിനും പദ്ധതി തയ്യാറാക്കി വരുന്നു.

## 7. ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്

സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി **coopkerala** എന്ന ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "Branding & Marketing of Co-operative Products" പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റ് അംഗീകാരമുള്ള **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുന്നു. ഗുണമേന്മയുള്ള വിവിധ സഹകരണ ഉത്പന്നങ്ങൾ കോപ്കേരള (coopkerala) ബ്രാന്റോടുകൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലും ലഭ്യമാണ്.

**8. കെയർ ഹോം പദ്ധതി.**

2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയായ കെയർ ഹോം പദ്ധതിയിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറി.

2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് വസിക്കുവാൻ കഴിയുന്ന ഭവനസമുച്ചയം നിർമ്മിച്ചു നൽകി. പാലക്കാട് ജില്ലയിൽ കണ്ണാടി 2-വില്ലേജിൽ 28 കുടുംബങ്ങൾക്ക് വസിക്കുവാൻ കഴിയുന്ന ഭവന സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**9. റിസ്ക് ഫണ്ട്**

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ, അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി /കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് സർക്കാർ അംഗീകരിച്ച് നല്കിയ റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ആയത് പ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000/- രൂപയും മാരക രോഗം ബാധിച്ചവർക്ക് പരമാവധി മുതലിൽ 1,25,000/- രൂപയും നിയമാവലിയുടെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു നൽകുന്നു.

**10. ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി**

1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം, നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

**11. പുനർജ്ജനി പദ്ധതി**

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ 7 ജില്ലകളിലായി 15 സംഘങ്ങൾക്കും 2023-24 സാമ്പത്തിക വർഷത്തിൽ 4 ജില്ലകളിലായി 10 സംഘങ്ങൾക്കും 2024-25 സാമ്പത്തിക വർഷത്തിൽ ഇതു വരെ 3 സംഘങ്ങൾക്കും ഉൾപ്പെടെ ആകെ 28 സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകിയിട്ടുണ്ട്.

**12. നെറ്റ് സീറോ എമിഷൻ പദ്ധതി**

"മാലിന്യമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കാർബൺഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ" എന്നത് വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ,

സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## 13. സംയോജിത സഹകരണ വികസന പദ്ധതി

സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംയോജിത സഹകരണ വികസന പദ്ധതി ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

## 14. കേരള സ്റ്റേറ്റ് ആർട്ടിസ്റ്റ് & ആർട്ടിസ്റ്റെസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (AARTICS)

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുക, അംഗങ്ങളുടെ ഇടയിൽ കലാസാംസ്കാരിക കൂട്ടായ്മ വളർത്തിയെടുക്കുക, കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിന് വേദിയൊരുക്കുകയും അതിനായി പ്രദർശനങ്ങളും ക്ലാസുകളും സെമിനാറുകളും ചർച്ചാപരിപാടികളും ഒരുക്കുകയും ചെയ്യുക, എല്ലാ നാടൻ കലകളും അനുഷ്ഠാനകലകളും പാരമ്പര്യ കലകളും ഉൾപ്പെടുന്ന പൈതൃക കലാസംസ്കാരത്തെ പരിപോഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co.operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരന്മാരുടെ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 15. കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം

സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുതകും വിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനം, ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും, സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി

സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

**16. പാലിയേറ്റീവ് കെയർ പദ്ധതി**

കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**17. യുവജന സഹകരണസംഘങ്ങൾ**

സഹകരണമേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 32 യുവജന സഹകരണസംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.

**18. കേരള ഷോപ്പ് ആന്റ് കോമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫെയർ സംഘം**

ഗിഗ് ഓൺലൈൻ പ്ലാറ്റ്ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള ഷോപ്പ് ആന്റ് കോമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫെയർ സംഘം എന്ന പേരിൽ ഫെഡറൽ സഹകരണസംഘം രൂപീകരിച്ചു.

**19. കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

വിവിധ ഐറ്റി, ഐറ്റി അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഐ ടി പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു.

## 20. കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പ്രാദേശിക-ദേശീയ-അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക, കുട്ടികൾക്ക് കായിക പരിശീലനം നൽകുക, ആയുഷ് വകുപ്പുമായി സഹകരിച്ച് യോഗ ക്ലാസുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചു.

## 21. ഭാഷാ സാഹിത്യ സാംസ്കാരിക മ്യൂസിയം

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ ആദ്യത്തെ ഭാഷാ സാഹിത്യ സാംസ്കാരിക മ്യൂസിയം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള നാട്ടകം ഇന്ത്യ പ്രസ് പുരയിടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

## 22. കുടുംബത്തിനൊരു കരുതൽ ധനം

പ്രകൃതി ദുരന്തങ്ങളുടെ, മഹാമാരിയുടെ മറ്റ് അടിയന്തിര സാഹചര്യങ്ങളിൽ വരുമാനം നിലച്ചു പോകുന്ന കുടുംബങ്ങൾക്ക് അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം, പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ട് ആയി ഇതു നടപ്പാക്കി.

## 23. പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപനം

കേരളത്തിൽ പഴവർഗ്ഗകൃഷി വികസനം ലക്ഷ്യമിട്ട് സഹകരണവകുപ്പ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ വഴി ആവിഷ്കരിക്കുന്ന പദ്ധതിയാണിത്.

കർഷകരുടെ സ്വന്തം ഭൂമിയിലോ, കർഷകരിൽ നിന്നും പാട്ടത്തിനെടുത്ത ഭൂമിയിലോ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള പഴവർഗ്ഗ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്തു അവയിൽ നിന്നുള്ള ഫലങ്ങൾ വിളവെടുപ്പ് നടത്തി വിപണനം ചെയ്യുക, ഒട്ട് തൈകൾ "Coop Kerala" സർട്ടിഫിക്കറ്റ് നൽകി വിപണനം ചെയ്യുക, ഡ്രൈ ഫ്രൂട്ട്സ് ഉൽപ്പാദിപ്പിക്കുക എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്.

വളരെ വ്യത്യസ്തമായിട്ടുള്ള ഭൂപ്രകൃതിയും, അന്തരീക്ഷവും കൂടാതെ മണ്ണും ഉള്ള കേരളത്തിലെ വിവിധ അഗ്രോ എക്കോളജിക്കൽ യൂണിറ്റുകളിൽ വൈവിധ്യമായിട്ടുള്ള ഏതു വിളകളും കൃഷി ചെയ്യാൻ പറ്റുന്ന അവസരമാണുള്ളത്. അതുകൊണ്ടുതന്നെ ഏത് കാലാവസ്ഥയിലും, ലോകത്തിലെവിടെയും, വളരുന്ന ഉയർന്ന വിപണിമൂല്യമുള്ള ഏതു തരം പഴവർഗ്ഗവിളകളും കേരളത്തിൽ വളർത്താനാകും. ഈ പദ്ധതിയിലൂടെ കേരളത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാനാകും.

**24. ഫെനി നിർമ്മാണം**

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ (Cashew apple) ഉപയോഗിച്ച് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ വഴി ഫെനി ഉല്പാദിപ്പിക്കുന്നതിനും കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയാണിത്.

പദ്ധതി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ നാട്ടിൽ യഥേഷ്ടം ലഭിക്കുന്നതും നിലവിൽ ഉപയോഗമില്ലാതെ പാഴായി പോകുന്നതുമായ കശുമാങ്ങ ഫലപ്രദമായി ഉപയോഗിക്കുന്നതിനും, കൺസ്യൂമർ ഫെഡറേഷൻ ഉൾപ്പെടെ സംഘങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണവായ്പ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ വളരെ സാധ്യതകളുള്ള വ്യവസായമാണിത്. പ്രാദേശിക സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കാനും പുത്തൻ വ്യാവസായിക സംരംഭങ്ങളിലേക്ക് സഹകരണ സംഘങ്ങളെ കൈപിടിച്ചുയർത്താനും കഴിയുന്ന പദ്ധതിയാണിത്.

**25. സഖി പദ്ധതി**

പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻ വഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനു കൂടുതൽ ദിശാബോധം നല്കുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും, ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷയും, നവജാത ശിശു പരിചരണം ഉറപ്പാക്കുന്നതിനും

അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവ പരിപാലന സമ്പ്രദായങ്ങൾക്കുള്ള പരിശീലനം, "പരിചരണ സമ്പദ് വ്യവസ്ഥയിൽ" അധിഷ്ഠിതമായ പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണയം എന്നീ മേഖലകളിൽ പരിശീലനം തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾക്ക് ലക്ഷ്യമിടുന്നു.

**26. "അങ്ങാടി കേരള" ആപ്പ്.**

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അപവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പനകേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും, ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപയോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിംഗ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു. ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും, നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും.

**27. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA).**

സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)).** കൃഷിയെ

| | | | |
|---|---|---|---|
| | | | പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>**<u>28. ടീം ആഡിറ്റ് സംവിധാനം</u>**<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ആഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കിയുള്ള ആഡിറ്റിന് വേണ്ട ഫലപ്രദമായ പരിശീലനമാണ് രൂപകൽപ്പന ചെയ്തത്.<br><br>സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനം/ ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിയ്ക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.<br><br>പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>**<u>29. നവകേരളം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**<br><br>സഹകരണ ബാങ്കുകളിൽ വായ്പ എടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തുന്നവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ചു തീർക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. ഇതിലൂടെ വായ്പക്കാർക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50 ശതമാനം വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകുന്നു. ഇതു വഴി സംഘങ്ങളുടെ കുടിശ്ശിക കുറക്കുന്നതിനും കുടിശ്ശികയായ വായ്പക്കാർക്ക് ആശ്വാസമേകുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ